**പമ്പ് ഹൗസുകളിലുണ്ടാകുന്ന വൈദ്യുതിയുടെ ഏറ്റക്കുറച്ചിലുകൾ**

230(5389) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പുഴക്കടവ്, തെറ്റിക്കുളം, മണന്നൂർ, നാവായിക്കുളം, ഇടവ, കായൽപ്പുറം, പാലച്ചിറ തുടങ്ങിയ പമ്പ് ഹൗസുകളിൽ പലപ്പോഴും ഉണ്ടാകുന്ന വൈദ്യുതിയുടെ ഏറ്റക്കുറച്ചിലുകൾ, വെള്ളം പമ്പ് ചെയ്യുന്ന മോട്ടോറുകൾക്ക് തകരാർ സംഭവിക്കുകയും ആയത് കുടിവെള്ള വിതരണത്തിന് തടസ്സം വരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പമ്പ് ഹൗസുകളിലേയ്ക്കുള്ള വൈദ്യുതിക്ക് തടസ്സംവരാത്ത തരത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്കല മണ്ഡലത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പുഴകടവ്, തെറ്റിക്കുളം, മണന്നൂർ, നാവായികുളം, തൊട്ടുമുഖം, കായൽപ്പുറം എന്നീ പമ്പ് ഹൗസുകളിൽ മണന്നൂർ പമ്പ് ഹൗസ് ഒഴികെയുള്ള പമ്പ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾക്കായി ലൈൻ ഓഫ് ചെയ്യുമ്പോൾ മാത്രമേ വൈദ്യുതി തടസ്സം ഉണ്ടാകാറുള്ളൂ. ഇതിൽ ഇടവ തൊട്ടുമുഖം പമ്പ്ഹൗസിലെ വൈദ്യുതി എത്തിക്കുന്ന ഹരിഹരപുരം ഫീഡർ തകരാറാകുന്ന സമയത്ത് വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി 11 കെ.വി ബാക്ക്-ഫീഡിംഗ് സംവിധാനത്തിലൂടെ വൈദ്യുതി പുനഃസ്ഥാപിക്കുന്ന സമയങ്ങളിൽ നേരിയ വോൾട്ടേജ് വ്യതിയാനം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 33 കെ.വി. കല്ലമ്പലം സബ്സ്റ്റേഷനിൽ നിന്നുള്ള കല്ലമ്പലം 11 കെ.വി. ഫീഡറിൽ നിന്നുമുള്ള ഒറ്റൂർ 160 കെ.വി.എ. ട്രാൻസ്ഫോർമറിലൂടെയാണ് മണന്നൂർ പമ്പ് ഹൗസിലേയ്ക്ക് എൽ ടി വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റി പഴയ പമ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചതിനുശേഷം ഇടയ്ക്കിടയ്ക്ക് വോൾട്ടേജ് വ്യതിയാനം മണന്നൂർ പമ്പ് ഹൗസിൽ ഉണ്ടാകുന്നതായി അറിയിച്ചതിനെത്തുടർന്ന് കണക്ഷൻ നൽകിയിരുന്ന വെതർപ്രൂഫ് വയർ മാറ്റി സ്ഥാപിച്ചും വൈദ്യുതി ലൈനിലെ ബ്രിഡ്ജിംഗുകൾ മാറ്റി സ്ഥാപിച്ചും അധികമായി എർത്തിംഗ് നടത്തിയിട്ടുള്ളതുമാണ്. ഒറ്റൂർ ട്രാൻസ്ഫോർമർ മുതൽ മണന്നൂർ പമ്പ് ഹൗസിലേയ്ക്കുള്ള ലോ ടെൻഷൻ ഫീഡറിന്റെ (1.5 കിലോമീറ്റർ) ദൂരം കാരണം, വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ഫീഡറിന്റെ പഴകിയ കണ്ടക്ടറുകൾ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേ ഫീഡറിൽ സ്ഥിതിചെയ്യുന്ന മണന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ വൈദ്യുതി തടസ്സം പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി പ്രവൃത്തി ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. മണന്നൂർ പമ്പ് ഹൗസിലെ വൈദ്യുതി തടസ്സം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള ലൈൻ റീ-കണ്ടക്ടറിംഗ് പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly